സ്വകാര്യ കോളേജ് മാനേജ്മെന്റ് അമിത ഫീസ് പിരിക്കുന്നത് തടയുന്നതിന് നടപടി

10 (* 639) ശ്രീ. പി. സി. ജോർജ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ എയ്ഡഡ് കോളേജുകളിൽ പ്രവേശന സമയത്ത് വിവിധ കോഴ്സുകൾക്ക് ഈടാക്കേണ്ട ഫീസ് നിരക്ക് നിശ്ചയിച്ചുകൊണ്ട് യൂണിവേഴ്സിറ്റി അറിയിപ്പ് നൽകാറുണ്ടോ ;

(ബി) ഇതിനുവിരുദ്ധമായി പല പേരിലും പല രൂപത്തിലും വിദ്യാർത്ഥികളിൽ നിന്ന് സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പി.ടി.എ. ഫണ്ടിന് പുറമേ ഡവലപ്മെന്റ് ഫണ്ട് എന്ന പേരിലും അമിനിറ്റീസ് ഫണ്ട് എന്ന പേരിലും മറ്റും പുതുതായി പ്രവേശനം തേടുന്ന കുട്ടികളിൽ നിന്ന് സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ പണം വാങ്ങുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം അനധികൃതമായ പണപിരിവുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി) :

(എ) ഇല്ല. എന്നാൽ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ പ്രവേശന സമയത്ത് വിവിധ കോഴ്സുകൾക്ക് ഈടാക്കേണ്ട ഫീസ് നിരക്ക് സർക്കാർ നിശ്ചയിക്കുകയും അത് ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം എല്ലാ എയ്ഡഡ് കോളേജുകളിലും അറിയിക്കുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്. സർക്കാർ നിശ്ചയിച്ച ഫീസിന് പുറമെ ചില കോളേജുകളിൽ അനധികൃതമായി ഫീസ് പിരിക്കുന്നതായി പരാതികൾ ലഭിക്കാറുണ്ട്.

(സി) പരാതി ലഭിച്ചാലുടനെ അതേക്കുറിച്ച് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ അന്വേഷണം നടത്തി ആവശ്യമായ നടപടി കൈക്കൊള്ളാറുണ്ട്.

(ഡി) ഉണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ആവശ്യമായ റെഗുലേഷൻസ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) ഇതു സംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ അത് പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly